ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു; പ്രതിപക്ഷ ബഹളത്തിനിടെ ഖനന ധാതു നിയന്ത്രണ ഭേദഗതി ബില്ലിന് അംഗീകാരം നൽകി രാജ്യസഭ.

   **Both houses of parliament have been adjouned sine die after completing monsoon session ; Amidst opposition uproar, the Rajya Sabha approved the Mines and Minerals (Development and Regulation) Amendment Bill.**

2. കേന്ദ്ര സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.

   **President Droupadi Murmu presented the Sangeet Natak Akademi Fellowships and Awards in New Delhi.**

3. എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം ; ഹർഘർ തിരംഗ പ്രചാരണം ഏറ്റെടുത്ത് ജനങ്ങൾ.

   **The nation prepares for the 80th Independence Day celebrations; Har Ghar Tiranga campaign in full fledge.**

4. നഗരങ്ങളിൽ പ്രധാൻമന്ത്രി ആവാസ് യോജന രണ്ടാം ഘട്ടം നടപ്പാക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം ; വിഴിഞ്ഞം തുറമുഖത്തെ ചരക്കു നീക്കത്തിന് ഈ മാസം 18-ന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

The State Cabinet has decided to implement the second phase of Pradhan Mantri Awas Yojana in urban areas; Chief Minister V. D. Satheesan stated that cargo movement at Vizhinjam Port will commence on the 18th of this month.

5. അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് പശ്ചിമ ബംഗാളിലും ഒഡീഷയിലും ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥ വകുപ്പ് ; കേരളത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

The India Meteorological Department has issued a red alert in West Bengal and Odisha today ; Yellow alert have been declared in Kannur and Kasaragod districts in Keralam.

6. ഭൂകമ്പം നാശം വിതച്ച കൊളംബിയയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു ; മരണസംഖ്യ 265 ആയി.

Economic emergency declared in earthquake-ravaged Colombia; Death toll reaches 265.

*****************************

## PARLIAMENT

വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളനത്തിൻറെ അവസാന ദിവസമായ ഇന്നും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. രാവിലെ സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ലോക്സഭ അനിശ്ചിതകാലത്തേക്ക് പിരിയുകയായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഇന്ന് സഭയിൽ സന്നിഹിതരായിരുന്നു. വർഷകാല സമ്മേളനത്തിൽ 12 ബില്ലുകൾ പാസാക്കിയതായി കേന്ദ്ര പാർലമെന്ററി കാര്യാ മന്ത്രി കിരൺ റിജിജു പിന്നീട് വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർക്കാർ ചർച്ചയ്ക്ക് തയ്യാറായിരുന്നുവെന്നും എന്നാൽ പ്രതിപക്ഷം ഒഴിഞ്ഞു മാറുകയായിരുന്നുവെന്നും അദ്ദേഹം അറിയിച്ചു.

*****************************

## RS – MINES AND MINERALS (INTRO)

പ്രതിപക്ഷ ബഹളത്തിനിടെ ഖനന -ധാതു ഭേദഗതി ബിൽ രാജ്യസഭ പാസാക്കി. കേന്ദ്ര കൽക്കരി മന്ത്രി ജി. കിഷൻ റെഡ്ഡിയാണ് ബിൽ അവതരിപ്പിച്ചത്. രാജ്യത്തെ ഖനന മേഖലയെ കൂടുതൽ കാര്യക്ഷമവും നിക്ഷേപ സൗഹൃദവുമാക്കുക, നിർണായക ധാതുക്കളുടെ ആവശ്യകത തടസ്സമില്ലാതെ പൂർത്തിയാക്കുക എന്നിവ ബിൽ വ്യവസ്ഥ ചെയ്യുന്നു.

(വോയ്സ്)

******************************

## PRESIDENT

2024, 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്ക്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. രണ്ട് മലയാളികൾ ഉൾപ്പെടെ 115 പേർക്കാണ് പുരസ്കാരം. മോഹിനിയാട്ടം അധ്യാപിക ഗിരിജ ചന്ദ്രനും, കഥകളി കലാകാരൻ കലാമണ്ഡലം കൃഷ്ണകുമാറും പുരസ്ക്കാരം ഏറ്റുവാങ്ങി.

******************************

## INDEPENDENCE DAY

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് ഇത്തവണ പ്രാധാന്യം നൽകുന്നത്. ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കും. സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഹർഘർ തിരംഗയുടെ ഭാഗമായി തിരംഗയാത്രകളും പുരോഗമിക്കുന്നു. സ്വാതന്ത്ര്യ ദിനാഘോഷം അടുത്തതോടെ

കേരളത്തിലെ ഖാദി വിൽപന ശാലകളിലും പോസ്റ്റ് ഓഫിസുകളിലും ദേശീയ പതാക വാങ്ങാനായി നിരവധി പേരാണ് എത്തുന്നത്.

*****************************

## TIRANGA– NAIDU

ന്യൂഡൽഹിയിലെ സഫ്ദർജംഗ് വിമാനത്താവളത്തിൽ ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി 'തിരംഗാ യാത്ര' കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു ഫ്ലാഗ് ഓഫ് ചെയ്തു. പ്രചാരണത്തിന് ലഭിക്കുന്ന പൊതുജന പങ്കാളിത്തത്തിൽ ഏറെ അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

*****************************

## JAMMU – VANDE MATARAM CAMPAIGN

ദേശീയതലത്തിൽ സംഘടിപ്പിച്ച 'വന്ദേമാതരം' പ്രചാരണത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി ജമ്മു കശ്മീരിന് ചരിത്ര നേട്ടം സമ്മാനിച്ച് പൂഞ്ച്, രാംബൻ ജില്ലകൾ. മികച്ച പങ്കാളിത്തം കൃത്യമായ ഏകോപനം എന്നിവ മുൻനിർത്തി കൈവരിച്ച ഈ നേട്ടത്തിൽ ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ മുതിർന്ന ഉദ്യോഗസ്ഥരെ ആദരിച്ചു.

*****************************

## AIR FORCE BAND

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ദക്ഷിണ വ്യോമസേനയുടെ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് ഇന്ന് വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കും. കണ്ണൂർ ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടിയും ഇന്ന് ഉണ്ടാകും.

*****************************

## PUNJAB AND JHARKHAND

പഞ്ചാബിലും ജാർഖണ്ഡിലും വിദ്യാർത്ഥികൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പ്രതിപക്ഷ പാർട്ടികൾ മനഃപൂർവ്വം അവഗണിക്കുകയാണെന്ന് ബി.ജെ.പി. വിദ്യാർത്ഥികളുടെ വിഷയങ്ങളിൽ ഉയർന്നുവരുന്ന ചോദ്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ മാത്രമാണ് പ്രതിപക്ഷം പാർലമെന്റിൽ ബഹളമുണ്ടാക്കുന്നതെന്ന് ബി.ജെ.പി വക്താവ് സുധാൻഷു ത്രിവേദി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ജാർഖണ്ഡിലെ വിദ്യാർത്ഥി പ്രക്ഷോഭങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും മൗനം പാലിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

*****************************

## FM LIBERIA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലൈബീരിയൻ വിദേശകാര്യ മന്ത്രി സാറ ബെയ്സോലോ ന്യാന്റി ഇന്ന് രാവിലെ ന്യൂഡൽഹിയിലെത്തി. ഹൈദരാബാദ് ഹൗസിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി അവർ കൂടിക്കാഴ്ച നടത്തും. ഇന്ത്യ - ലൈബീരിയ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## CABINET BRIEF (INTRO)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള കയറ്റുമതി - ഇറക്കുമതി ചരക്കു നീക്കത്തിന് ഈ മാസം 18 ന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തുറമുഖത്തിൻറെ നേരിട്ടുള്ള ഗുണഫലം നാടിന് ലഭ്യമാക്കുന്നതിലേക്കുള്ള ആദ്യത്തെ പ്രധാന ചുവടുവയ്പ്പാണിതെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്ക് രണ്ടു ലക്ഷം രൂപ അധികമായി നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു. PMAY പദ്ധതി നഗരം 2.0 നടപ്പാക്കാനുള്ള തീരുമാനമെടുത്തതായി മുഖ്യമന്ത്രി അറിയിച്ചു.

(ഹോൾഡ് വോയ്സ്)

******************************

## RAJEEV CHANDRASEKHAR

മാധ്യമ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ക്രിമിനൽ പശ്ചാത്തലമുള്ളവരും ഗുരുതരമായ ആരോപണങ്ങൾ നേരിടുന്നവരും കടന്നുവരുന്നത് ജനാധിപത്യത്തിന് ഭീഷണിയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷനും എം എൽ എയുമായ രാജീവ് ചന്ദ്രശേഖർ. ഫുട്ബോൾ ഇതിഹാസം മെസ്സിയുടെ പേരിൽ സാമ്പത്തിക ക്രമക്കേട് നടത്തിയവരെ കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

******************************

## C B C

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംയോജിത ബോധവൽക്കരണ പരിപാടി തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ആശാ നാഥ് ജി.എസ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര പദ്ധതികളെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിലേക്ക് എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

*****************************

## IMD – WARNING

വടക്കൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതിനെത്തുടർന്ന് പശ്ചിമ ബംഗാളിലും ഒഡീഷയിലും അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പുറപ്പെടുവിച്ചു. ഛത്തീസ്ഗഢിലെ വിവിധ പ്രദേശങ്ങളിൽ നാളെ വരെ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീരപ്രദേശങ്ങളിൽ ഇന്ന് ഉച്ചക്ക് ശേഷം 2.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*****************************

## COLOMBIA– ECONOMIC EMERGENCY

ഭൂകമ്പം നാശം വിതച്ച കൊളംബിയയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ദുരിതാശ്വാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള അടിയന്തര നടപടികളിൽ സർക്കാരിന് പിന്തുണ നല്കുന്നതിനായാണ് തീരുമാനം. ഔദ്യോഗിക കണക്കുകൾ പ്രകാരം, ഭൂകമ്പത്തിൽ 265 പേർ മരിക്കുകയും 3,494 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 496 പേരെ കാണാതായിട്ടുണ്ട്.

*****************************

## ORGAN DONATION DAY

ഇന്ന് അന്താരാഷ്ട്ര അവയവദാന ദിനം. അവയവദാനത്തിൻറെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനാണ് ഈ ദിനം ലക്ഷ്യമിടുന്നത്. ലോകത്തിലെ ആദ്യത്തെ വിജയകരമായ അവയവം മാറ്റിവയ്ക്കൽ നടന്നത് 1954ലാണ്.

*****************************

## CRICKET TEST

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം മറ്റെന്നാൾ ഗാലെ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആരംഭിക്കും. കൂടുതൽ ആരാധകരെ എത്തിക്കുന്നതിന് പ്രവേശനം സൗജന്യമാക്കിയിരിക്കുകയാണ്. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 23 മുതൽ 27 വരെ കൊളംബോയിൽ നടക്കും.

*****************************

## BCCI

ഇന്ത്യ - അഫ്ഗാൻ ടി-20 പരമ്പര അടുത്തമാസം ന്യൂഡൽഹിയിൽ നടക്കുമെന്ന് സ്ഥിരീകരിച്ച് ബിസിസിഐ. അടുത്ത മാസം 13 മുതൽ 17 വരെ ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലായിരിക്കും മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പര നടക്കുന്നത്. അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ബോർഡും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്.

*****************************

## SENSEX, GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 68 പോയിൻറ് ഇടിഞ്ഞ് 77,898 ലും നിഫ്റ്റി 66 പോയിൻറ് താഴ്ന്ന് 24,371 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ വർദ്ധന. പവന് 200 രൂപ ഉയർന്ന് ഒരു ലക്ഷത്തി 13,760 രൂപയും ഗ്രാമിന് 14,220 രൂപയുമാണ് ഇന്നത്തെ വില.

*****************************

## JAMMU TAWI EXPRESS

സബർമതി-ജമ്മു താവി എക്സ്പ്രസ്, കത്ര വരെ നീട്ടുന്നതിന് റെയിൽവേ ബോർഡ് അനുമതി നൽകി. ജമ്മു വഴി സർവീസ് നടത്തുകയും, ഉധംപൂരിലെ ഷഹീദ് ക്യാപ്റ്റൻ തുഷാർ മഹാജൻ സ്റ്റേഷൻ വഴി കത്രയിലെ ശ്രീ മാതാ വൈഷ്ണോദേവി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുകയും ചെയ്യും. നിലവിൽ ജമ്മു താവിയിൽ ഇറങ്ങി കത്രയിലേക്ക് പോകാൻ ബസും മറ്റ് വാഹനങ്ങളും ആശ്രയിക്കുന്ന ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് ഈ തീരുമാനം ഏറെ പ്രയോജനപ്പെടും.

****************************************************************************************************************